# AKHILA MALANKARA ORTHODOX ALMAYA VEDHI

**Reg. No. K - 713/2005**

**Post Box No. 652, II nd Floor, Kandathil Buildings, Temple Road, Kottayam - 686 001**

**E-mail: almayavedhi@yahoo.co.in Web: www.malankaraorthodoxalmayavedi.org**

**Phone: 93497 54448**



**കെ. വി. ഏബ്രഹാം കൊടുവത്ത്**
(പ്രസിഡന്റ്)
ഫോൺ: 93874 27940

**സാബു വടകര**
(വൈസ് പ്രസിഡന്റ്)
ഫോൺ: 94474 56969

**ക്യാപ്റ്റൻ കോശി മത്തായി**
(വൈസ് പ്രസിഡന്റ്)
ഫോൺ: 93876 10283

**തോമസ് ചാണ്ടി**
(ജനറൽ സെക്രട്ടറി)
ഫോൺ: 0481 - 2517406, 3257546, 93494 37714

**കുര്യൻ പി. കുര്യൻ**
(ട്രഷറർ)
ഫോൺ: 93876 05735

**ജയിംസ് പാമ്പാടി**
(സെക്രട്ടറി)
ഫോൺ: 94477 06865

**ഫീലിപ്പോസ് പോട്ടയ്ക്കാവയലിൽ**
(സെക്രട്ടറി)
(എഡിറ്റർ, അൽമായവേദി)
ഫോൺ: 93497 54448

**ബാബു വെട്ടുവേലിൽ**
(സെക്രട്ടറി)
ഫോൺ: 0481 - 2457776


## പ. കാതോലിക്കാ ബാവാ തിരുമനസ്സിലെയും ശ്രേഷ്ഠ നിയുക്ത കാതോലിക്കാ തിരുമനസ്സിലെയും, പ. എപ്പിസ്കോപ്പൽ സുന്നഹദോസ്, സഭാ വർക്കിംഗ് കമ്മറ്റി എന്നിവയിലെ അംഗങ്ങളുടെയും പരിഗണനക്കും ഉചിത നടപടികൾക്കുമായി സമർപ്പിക്കുന്ന ചില വസ്തുതകൾ.

1. ജനുവരി 25-ാം തീയതി തൃക്കുന്നത്ത് സെമിനാരിയിൽ വിഘടിത വിഭാഗം പ്രവേശിക്കുവാനും ധൂപപ്രാർത്ഥന നടത്തുവാനും ഇടയാക്കിയ ഗവൺമെന്റ് നടപടിക്കെതിരെ സത്വരമായ നിയമനടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ നടപടി കോടതിയിൽ ചോദ്യം ചെയ്യപ്പെടാതിരുന്നാൽ ഈ വർഷത്തെ തൽസ്ഥിതി ലംഘനം അടുത്ത വർഷം തൽസ്ഥിതിയുടെ ഭാഗമാവുകയും അചിരേണ തൃക്കുന്നത്തു സെമിനാരിയിൽ വിഘടിതർ അവകാശം സ്ഥാപിക്കയുമായിരിക്കും ഫലം.

2. പള്ളികൾ വീതം വയ്ക്കൽ, തവണകൾ പ്രകാരം ആരാധന നടത്തുക എന്നിവ സ്വീകാര്യമല്ലെന്നും കോടതിവിധികൾ പ്രകാരം മലങ്കരസഭയ്ക്ക് ലഭിച്ചിട്ടുള്ള അവകാശങ്ങൾ പിൻവാതിലൂടെ ഇല്ലാതെയാക്കുവാൻ ശ്രമിക്കുന്നവർ സഭാ താല്പര്യങ്ങൾക്ക് വിരുദ്ധമായാണ് പ്രവർത്തിക്കുന്നതെന്നും അസന്നിഗ്ദ്ധമായ ഒരു പ്രസ്താവന പ. ബാവാ തിരുമേനിയിൽ നിന്നും എപ്പിസ്കോപ്പൽ സുന്നഹദോസിൽ നിന്നും വർക്കിംഗ് കമ്മറ്റിയിൽ നിന്നും ഉടൻതന്നെ ഉണ്ടാകണം. തുടർന്നും മേൽപ്പറഞ്ഞ ആശയങ്ങൾക്കായി പ്രവർത്തിക്കുന്നവരെ സ്ഥാനങ്ങളിൽ നിന്നു നീക്കം ചെയ്യണം.

3. മേൽപ്പറഞ്ഞ ലക്ഷ്യങ്ങളോടെ നടത്തുന്ന എല്ലാ കൂടിയാലോചനകളിൽ നിന്നും (ഗവൺമെന്റ് സംഘടിപ്പിക്കുന്നതോ അല്ലാത്തതോ) ഉടൻ തന്നെ പിന്മാറുന്നതായി ഔദ്യോഗികമായി പ്രഖ്യാപനമുണ്ടാകണം.

4. ഇപ്പോഴത്തെ തൃക്കുന്നത്തു സെമിനാരി മാനേജർ തൽസ്ഥാനം വഹിക്കുവാൻ അപ്രാപ്തനെന്ന് തെളിയിച്ചു കഴിഞ്ഞു. പെരുന്നാൾദിവസം പ്രശ്നങ്ങളുണ്ടാകുമെന്നറിഞ്ഞിട്ടും നേതൃത്വത്തെയോ സഭാ ജനങ്ങളെയോ ഉണർത്തുവാനോ പ്രവർത്തനനിരതരാക്കുവാനോ ശ്രമിക്കാതെ പ്രശ്നത്തെ ലളിതവത്ക്കരിച്ചത് നിയമലംഘകർക്കും അവർക്ക് ഒത്താശ ചെയ്തവർക്കും സഹായകമായി ഭവിച്ചു. ഇപ്രകാരം സംഭവങ്ങളുണ്ടാകുമെന്ന് അൽമായവേദി 4-9-2006 ൽ സഭാനേതൃത്വത്തെ നേരിട്ടും രേഖാമൂലവും ധരിപ്പിച്ചിട്ടുള്ള വിവരം ഈ ഘട്ടത്തിൽ സ്മരണീയമാണ്. ഇത്തരം സ്ഥിതിവിശേഷങ്ങളെ നേരിടുവാൻ പ്രാപ്തിയുള്ള നേതൃത്വം വേണ്ട അധികാരങ്ങളോടെ അങ്കമാലി ഭദ്രാസനത്തിൽ ലഭ്യമാക്കണം. വിഘടിതരെ ബുദ്ധികൊണ്ടും ശക്തികൊണ്ടും നേരിടുവാൻ പ്രാപ്തനെന്നു തെളിയിച്ച മാർ മിലിത്തോസാണ് (തൃശ്ശൂർ) ഇന്നത്തെ സ്ഥിതിയെ ഫലപ്രദമായി നേരിടുവാൻ പ്രാപ്തനെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

5. വിഘടിത വിഭാഗത്തിനു വേണ്ടി സഭയ്ക്കുള്ളിൽ നിന്ന് അഞ്ചാംപത്തി പ്രവർത്തനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം.

തൃക്കുന്നത്തു സെമിനാരിയിൽ ഇപ്രകാരമുള്ള സംഭവങ്ങൾ ഉണ്ടാകുവാൻ സാദ്ധ്യതയുണ്ടെന്ന് അൽമായവേദിക്ക് ലഭിച്ച വിവരം യഥാസമയം സഭാനേതൃത്വത്തെ സത്വരമായി അറിയിച്ചശേഷവും വേണ്ട കരുതൽ നടപടികൾ ഉണ്ടായില്ല എന്നതിൽ ഞങ്ങൾക്ക് അതിയായ ഖേദവും നിരാശയുമുണ്ട്. ഒരു ഭദ്രാസനാസ്ഥാനത്തെ പ്രശ്നസങ്കീർണ്ണമായ പെരുന്നാൾ ഒരു ചെറിയ ഇടവകപ്പള്ളിയിലെ പെരുന്നാൾ പോലെ ലാഘവത്തോടെ നടത്തിയത് അത്യന്തം ഖേദകരമാണ്. സഭയിലെ വിശ്വാസികൾ സഭയ്ക്കുണ്ടാകുന്ന തിരിച്ചടികളിൽ അത്യന്തം രോഷാകുലരും ദുഃഖിതരുമാണെന്ന കാര്യവും ബന്ധപ്പെട്ട ഏവരെയും അറിയിച്ചുകൊള്ളട്ടെ.

| | |
|---|---|
| **കെ. വി. ഏബ്രഹാം കൊടുവത്ത്** | **തോമസ് ചാണ്ടി** |
| **(പ്രസിഡന്റ്)** | **(സെക്രട്ടറി)** |

കോട്ടയം
29-1-2007